കെ.പി.സി.സി. ആസ്ഥാനത്തു ചർച്ചക്കെത്തിയ കേന്ദ്രമന്ത്രി എ.കെ. ആൻറണി, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല എന്നിവർ

ആന്റണിയെത്തി; ഇന്ദിരാഭവനിൽ പൂരപ്രതീതി

ബിജു ഗോപിനാഥ്

തിരുവനന്തപുരം: തൃശൂർ പൂരത്തിനു മുന്നോടിയായുള്ള പകൽപ്പൂരങ്ങളുടെ വേദിയായി ഇന്നലെ കെ.പി.സി.സി ആസ്ഥാനമായ ഇന്ദിരാഭവൻ. സ്ഥാനാർത്ഥിത്വം നൽകാനുള്ള മാന്ത്രികവടിയുമായി കേന്ദ്രമന്ത്രി എ.കെ. ആന്റണി എത്തുകയാണെന്ന മട്ടിലായിരുന്നു കോൺഗ്രസുകാർ.

പലയിടങ്ങളിൽ നിന്നുള്ള ചെറുപൂരങ്ങൾ തേക്കിൻകാട് മൈതാനത്ത് എത്തിച്ചേരുന്നപോലെ സ്ഥാനാർത്ഥിമോഹികൾ ചെറു സംഘങ്ങളായി ഇന്ദിരാഭവനിലേക്ക് അതിരാവിലെ മുതൽ എത്തിക്കൊണ്ടിരുന്നു. രാവിലെ 9 മണിക്ക് കേന്ദ്രമന്ത്രി എ.കെ. ആന്റണി എത്തിയതോടെ സാക്ഷാൽ പൂരപ്പറമ്പായി ഇന്ദിരാഭവൻ മാറി. ആകെയൊരിളക്കം. അകത്തേക്കു കടക്കാനാവാതെ ആന്റണി വിഷമിച്ചു. ശാസ്തമംഗലം-വെള്ളയമ്പലം റോഡിൽ ഗതാഗതക്കുരുക്ക്.

ഒരുവിധത്തിൽ ഇന്ദിരാഭവന് അകത്തുകടന്ന ആന്റണി തന്റെ മുറിയിലേക്ക് കടന്നിരുന്നു. ഉയർത്തിപ്പിടിച്ച ഫയലുകളുമായി സ്ഥാനാർത്ഥിമോഹികൾ ഇടിച്ചുകയറി. ഒരുകണക്കിന് ആന്റണിക്ക് പൊക്കം കുറഞ്ഞത് നന്നായി. ഇല്ലെങ്കിൽ സ്ഥാനാർത്ഥിമോഹികൾ ഇടിച്ചുവീഴ്ത്തിയേനെ. ബയോഡേറ്റ അടങ്ങിയ ഫയൽ ആന്റണിയെ ഏൽപ്പിച്ച് അദ്ദേഹത്തിന്റെ കസേര വലംവച്ച് സ്ഥാനാർത്ഥിമോഹികൾ ഒന്നൊന്നായി പുറത്തേക്ക്. സ്ഥാനാർത്ഥിയായില്ലെങ്കിലും ആന്റണിയുടെ മനസിൽ ഇടംനേടണമല്ലോ!

ബയോഡേറ്റ നൽകി പുറത്തിറങ്ങിയ തിരുവനന്തപുരം നഗരസഭാ മുൻ കൗൺസിലർ വേളി വർഗീസിന്റെ മുഖത്ത് വലിയ സന്തോഷം. ''എ.കെ എന്തുപറഞ്ഞു ചേട്ടാ'' ക്യൂവിൽ നിന്ന ഒരാൾ വർഗീസിനോടു ചോദിച്ചു. ഒരുപാടുപേർ വർഗീസിന്റെ പേരു പറഞ്ഞിട്ടുണ്ടെന്ന് ആന്റണി പറഞ്ഞെന്ന് മറുപടി. ബയോഡേറ്റ നൽകിയ എല്ലാവരോടും ആന്റണി ഇതുതന്നെയാണ് പറഞ്ഞത്.

അതിനിടെ പദ്മജാ വേണുഗോപാൽ നിറഞ്ഞ ചിരിയുമായി എത്തി. കെ.പി.സി.സി ഓഫീസിലെ ആൾക്കൂട്ടം കണ്ട് പദ്മജ അന്തംവിട്ടു. വല്ലവിധവും മുറിയിൽ കയറിപ്പറ്റിയ പദ്മജയും ആന്റണിയെ കണ്ടു മടങ്ങി.

കമ്മിറ്റി യോഗത്തിനായി ആന്റണി മുകളിലേക്കു പോയതോടെ തിരക്കും മുകളിലായി. ഇതിനിടെ കെ.പി.സി.സി ജനറൽ സെക്രട്ടറി അജയ് തറയിൽ എല്ലാവരെയും പുറത്താക്കി വാതിലടച്ചു. അദ്ദേഹത്തിന്റെ മുഖത്താകെ നിരാശാഭാവം.

കിട്ടിയിടത്തെല്ലാം സ്ഥാനാർത്ഥിമോഹികൾ സ്ഥാനം പിടിച്ചു. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കാസർകോട്ട് യു.ഡി.എഫിന്റെ ചാവേർ കുപ്പായമിട്ട ഷാഹിദാ കമാലും ആന്റണിയെ കണ്ട ശേഷം കെ.പി.സി.സി ഓഫീസിന്റെ കോണിപ്പടിയിൽ ഇരിക്കുന്നു. ഇത്തവണ എന്തായാലും ചാവേറാകാനില്ല; ഇരവിപുരമാണ് നോട്ടം. ആഞ്ഞുപിടിച്ചാൽ എൽ.ഡി.എഫിൽ നിന്ന് പിടിച്ചെടുക്കാമെന്ന് ഷാഹിദയ്ക്ക് ഉറപ്പുണ്ട്. പക്ഷേ വഴിമുടക്കികൾ എന്തെങ്കിലും കുതന്ത്രങ്ങൾ ഒപ്പിച്ചിട്ടുണ്ടോ എന്ന ആശങ്കയുമുണ്ട്.

പുറത്ത് വെയിൽ കനക്കുമ്പോൾ കെ.പി.സി.സി ഓഫീസിനു തൊട്ടടുത്ത ജ്യൂസ് കടയിൽ തിരക്ക്. ആളുകൂടിയതു കാരണം ജ്യൂസിന്റെ അളവിലും കുറവുണ്ടെന്ന് ചിലർക്ക് പരാതി.

പുറത്ത് വീണ്ടും ചർച്ച. സുധീരനോടൊപ്പം കോളേജിൽ പഠിച്ച ഒരു സംഘം തൃശൂരിൽ നിന്നെത്തിയിട്ടുണ്ട്. സുധീരനെ കെ.എസ്.യുവിലെത്തിച്ചെന്ന് അവകാശപ്പെടുന്നവരുമുണ്ട് അക്കൂട്ടത്തിൽ.

ഒന്നരയോടെ ചർച്ച കഴിഞ്ഞ് നേതാക്കൾ പുറത്തിറങ്ങുമ്പോൾ അണികൾ പിന്നാലെ ഓടി. ആദ്യം പുറത്തുവന്നത് സുധീരൻ. പിന്നാലെ ആര്യാടൻ. പിൻവാതിലിലൂടെ കേന്ദ്രമന്ത്രി വയലാർ രവിയും എം.എം. ഹസനും. ഉമ്മൻചാണ്ടി ആരോടും മിണ്ടാതെ കാറിൽ കയറി സ്ഥലംവിട്ടു. കെ. മുരളീധരൻ പുറത്തിറങ്ങിയപ്പോൾ തിക്കും തിരക്കും. വല്ലവിധവും കാറിൽ കയറി മുരളിയും സ്ഥലം കാലിയാക്കി. ആന്റണിയും രമേശ് ചെന്നിത്തലയും താഴേക്ക് വന്നുമില്ല. അജയ് തറയിലിനോട് ഒരു വനിതാ സ്ഥാനാർത്ഥിമോഹി തന്റെകാര്യം എന്തായെന്ന് ചോദിച്ചു. ലിസ്റ്റ് കൊടുത്തിട്ടുണ്ടെന്നായിരുന്നു മറുപടി.

കെ.പി.സി.സി ആസ്ഥാനമായ ഇന്ദിരാഭവനിലെ തിരക്ക്

സമദൂര നിലപാട് തുടരും

രമേശിനോട് പ്രത്യേക താത്പര്യമില്ല: സുകുമാരൻനായർ

വി. ജയകുമാർ

കോട്ടയം: നിയമസഭാ തിരഞ്ഞെടുപ്പിലും എൻ.എസ്.എസ് ഇരുമുന്നണികളോടും സമദൂരം പാലിക്കുമെന്ന് സെക്രട്ടറി ജി. സുകുമാരൻനായർ കേരളകൗമുദിയോട് പറഞ്ഞു.

സമദൂര നിലപാട് മാറ്റേണ്ട ഒരു സാഹചര്യവും ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. സഹായിക്കുന്നത് ആരൊക്കെയാണെന്ന് സമുദായ പ്രവർത്തകർക്ക് അറിയാം. അവർ യുക്തമായി പ്രതികരിച്ചുകൊള്ളും. പ്രത്യേക നിർദ്ദേശം കൊടുക്കേണ്ടതില്ല.

രമേശ് ചെന്നിത്തല മത്സരിക്കുന്നത് യു.ഡി.എഫിന് ഭൂരിപക്ഷം ലഭിച്ചാൽ ഉമ്മൻചാണ്ടിയെ വെട്ടി മുഖ്യമന്ത്രിയാകാനാണെന്നും ഇതിന് പിന്നിൽ എൻ.എസ്.എസ് നേതൃത്വമാണെന്നുമുള്ള പ്രചാരണം ശരിയല്ല. രമേശ് മത്സരിക്കുന്നതോ മുഖ്യമന്ത്രിയാകുന്നതോ എൻ.എസ്.എസിന്റെ വിഷയമല്ല.

ഉമ്മൻചാണ്ടി സ്ഥാനാർത്ഥിയാകുന്നത് പോലെയേ രമേശ് സ്ഥാനാർത്ഥിയാകുന്നതിനെയും കാണുന്നുള്ളൂ. അതല്ലാതെ ചെന്നിത്തല നായർ സമുദായാംഗമായതുകൊണ്ട് പ്രത്യേക താത്പര്യമൊന്നും ഇല്ല.

കെ.സി. വേണുഗോപാലിനെ കേന്ദ്ര സഹമന്ത്രിയാക്കിയതുകൊണ്ട് എൻ.എസ്.എസ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടില്ല. അവ പരിഹരിക്കണം. ഇടതുമുന്നണിയുടെ പല നിലപാടുകളോടും എൻ.എസ്.എസിന് ഇതേ അഭിപ്രായമാണുള്ളത്. അതിനാലാണ് ഇരുമുന്നണികളോടും സമദൂരം പാലിച്ചുള്ള നിലപാട് ഈ തിരഞ്ഞെടുപ്പിലും തുടരുന്നതെന്നും സെക്രട്ടറി പറഞ്ഞു.

സീറ്റ് വിഭജനം: വിട്ടുവീഴ്ച ചെയ്യേണ്ടി വന്നത് കോൺഗ്രസ്- ഉമ്മൻചാണ്ടി



മൂന്ന് സീറ്റുകൂടി ലഭിച്ചു സി.പി.ഐ 27 സീറ്റിൽ

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: മൂന്നു സീറ്റുകൾകൂടി നൽകി എൽ.ഡി.എഫിൽ സി.പി.ഐയുടെ സീറ്റ് വിഭജനം പൂർത്തിയാക്കി. മണ്ഡലത്തെച്ചൊല്ലിയുണ്ടായ തർക്കങ്ങളും ഏതാണ്ട് തീർന്നു.

കഴിഞ്ഞ തവണ മത്സരിച്ച 24 സീറ്റിനു പുറമേ മൂന്നെണ്ണംകൂടി നൽകിയതോടെ 27 സീറ്റായി. ഇരുമുന്നണികളിലുമുള്ള ഘടകകക്ഷികളിൽ കൂടുതൽ സീറ്റിൽ മത്സരിക്കുന്ന രണ്ടാമത്തെ പാർട്ടിയാവും സി.പി.ഐ.

മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഏറനാട്, കണ്ണൂരിലെ പേരാവൂർ എന്നീ മണ്ഡലങ്ങളാണ് അധികമായി ലഭിച്ചത്. കണ്ണൂരിൽ അഴീക്കോട് ചോദിച്ചെങ്കിലും അവിടെ എം.വി. രാഘവൻ മത്സരിക്കുകയാണെങ്കിൽ സി.പി.എം തന്നെ സ്ഥാനാർത്ഥിയെ നിറുത്തും.

തൃശൂരിൽ ഇരിങ്ങാലക്കുട സീറ്റിനുള്ള പിടിവാശി ഉപേക്ഷിച്ച സി.പി.ഐ തൃശൂർ ടൗണിൽ മത്സരിക്കും.

ആലപ്പുഴ ജില്ലയിൽ ചേർത്തലയിലും ഹരിപ്പാട്ടും മത്സരിക്കും.

മന്ത്രി സി. ദിവാകരൻ കരുനാഗപ്പള്ളിയിൽ തന്നെ മത്സരിക്കും. അവിടെനിന്ന് മണ്ഡലം കമ്മിറ്റി മറ്റൊരു പേരുകൂടി നിർദ്ദേശിച്ചിട്ടുണ്ട്. സിഡ്കോ ചെയർമാനായ ആർ. രാമചന്ദ്രൻ.

നെടുമങ്ങാട്ട് ജി.ആർ. അനിലിന് പുറമേ ജില്ലാ സെക്രട്ടറിപി. രാമചന്ദ്രൻനായരുടെ പേരും സജീവ പരിഗണനയിലാണ്. ചടയമംഗലത്ത് മന്ത്രി മുല്ലക്കര രത്നാകരൻ തന്നെ. ചാത്തന്നൂരിൽ തീരുമാനമായിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ അടൂർ സീറ്റാണ് ലഭിക്കുക. ആലപ്പുഴയിലെ ഹരിപ്പാട് സീറ്റിൽ എ.ഐ.വൈ.എഫ് സംസ്ഥാന പ്രസിഡന്റ് ജി. കൃഷ്ണപ്രസാദിനാണ് സാദ്ധ്യത. ചേർത്തലയിൽ സിറ്റിംഗ് എം.എൽ.എ പി. തിലോത്തമന് സീറ്റ് ഉറപ്പായി.

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ മണ്ഡലത്തിൽ സിറ്റിംഗ് എം.എൽ.എ ബാബു പോളിന്റെ പേരാണ് പട്ടികയിൽ ഒന്നാമത്. എ.ഐ.വൈ.എഫ് നേതാവ് എൽദോ എബ്രഹാം, മഹിളാ നേതാവ് പി.ജി. ശാന്ത എന്നിവരും പാനലിലുണ്ട്. പറവൂരിൽ മണ്ഡലം കമ്മിറ്റി തയ്യാറാക്കിയ പാനലിൽ ഒന്നാമതായി പന്ന്യൻ രവീന്ദ്രന്റെ പേരാണ്. ബിനോയ് വിശ്വം, കമലാ സദാനന്ദൻ, കെ.എം. ദിവാകരൻ, കെ.ജി. അറുമുഖൻ എന്നിവരുടെ പേരുമുണ്ട്.

മണ്ഡലം കമ്മിറ്റിയിൽ പങ്കെടുത്ത 22 പേരിൽ 17 പേരും പി. രാജുവിനെ നിറുത്തിയാൽ നല്ല വിജയസാദ്ധ്യതയുണ്ടെന്ന് അഭിപ്രായപ്പെട്ടു.

തൃശൂർ ജില്ലയിൽ ഒല്ലൂരിൽ സിറ്റിംഗ് എം.എൽ.എ രാജാജി മാത്യു തോമസിന് മുൻതൂക്കം. കൊടുങ്ങല്ലൂരിൽ കേരള ലാൻഡ് ഡെവലപ്മെന്റ് ബോർഡ് ചെയർമാനും മുൻ എ.ഐ.വൈ.എഫ് നേതാവുമായ കെ.ജി. ശിവാനന്ദനാണ് ആദ്യ പേരുകാരൻ. മുൻ മന്ത്രി വി.കെ. രാജന്റെ മകൻ സുനിൽകുമാർ, മുതിർന്ന നേതാവ് ടൈസൺ മാസ്റ്റർ എന്നിവരുടെ പേരുമുണ്ട്. കയ്പമംഗലത്തും കെ.ജി. ശിവാനന്ദന്റെ പേരുണ്ട്. സി.പി.ഐ തൃശൂർ ജില്ലാ സെക്രട്ടറി സി.എൻ. ജയദേവന്റെ പേരും നിർദ്ദേശിച്ചു. നാട്ടിക സംവരണമണ്ഡലത്തിൽ ടി.സി. മുകുന്ദൻ, അനിൽകുമാർ എന്നിവരുടെ പേരാണുള്ളത്. തൃശൂർ ടൗൺ സീറ്റ് സി.പി.ഐക്ക് ഏറ്റെടുക്കേണ്ടിവന്നിരിക്കുന്നു. ഇവിടെ ചില പരീക്ഷണങ്ങൾക്ക് തയ്യാറെടുക്കുന്നു. മുൻ മന്ത്രി പരേതനായ വി.വി. രാഘവന്റെ മകൾ നാട്ടിക എസ്.എൻ കോളേജിലെ പ്രൊഫസർ വിമലയെ പരീക്ഷിച്ചേക്കും. ഇല്ലെങ്കിൽ നഗരസഭ പൂത്തോൾ ഡിവിഷനിൽനിന്ന് വിജയിച്ച സാറാമ്മ റോബ്സൺ പോളിനെ നിറുത്തും. പാർട്ടി പ്രവർത്തകനായ ബാലചന്ദ്രനെയും പരിഗണിക്കുന്നുണ്ട്.

കോട്ടയം ജില്ലയിൽ വൈക്കത്തിന് പുറമേ കാഞ്ഞിരപ്പള്ളി സീറ്റാണ് സി.പി.ഐക്ക്. വൈക്കത്ത് സിറ്റിംഗ് എം.എൽ.എ അജിത്തിനാണ് മുൻഗണന. മുൻ എം.എൽ.എ പി. നാരായണനെ നിബന്ധനകളിൽ ഇളവുനൽകി ഒരിക്കൽകൂടി നിറുത്തണമെന്നും മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാദേശിക നേതാക്കളായ ദിലീപ്, അനിൽകുമാർ, ആശ എന്നിവരും പട്ടികയിലുണ്ട്.

കാഞ്ഞിരപ്പള്ളിയിൽ കാനം രാജേന്ദ്രന് ഇളവ് നൽകി മത്സരിപ്പിക്കണമെന്ന് ആവശ്യമുണ്ട്. ഇല്ലെങ്കിൽ സർവസമ്മതനായ ഒരു സ്വതന്ത്രനെ നോക്കും. ഇടുക്കി പീരുമേട്ടിൽ ഇ.എസ്. ബിജിമോൾ എം.എൽ.എ തന്നെ മത്സരിക്കും.

കുഞ്ഞാലിക്കുട്ടി വേങ്ങരയിൽ; അലിക്ക് പെരിന്തൽമണ്ണ

ടി.കെ. മനാഫ്

മലപ്പുറം: നിയമസഭാ തിരഞ്ഞെടുപ്പിലെ മുസ്‌ലിംലീഗ് സ്ഥാനാർത്ഥികളെ 16 ന് പ്രഖ്യാപിക്കും. ലിസ്റ്റ് ഇന്ന് പ്രഖ്യാപിക്കാനായിരുന്നു നേരത്തെ നിശ്ചയിച്ചിരുന്നത്.

സ്ഥാനാർത്ഥി നിർണയത്തിനായി ജില്ല, മണ്ഡലം കമ്മിറ്റി ഭാരവാഹികളുടെ യോഗം പാണക്കാട്ട് കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി ചേർന്നിരുന്നു. മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് ഹൈദരലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി, അഖിലേന്ത്യാ പ്രസിഡന്റ് ഇ. അഹമ്മദ്, സംസ്ഥാന സെക്രട്ടറി ഇ.ടി. മുഹമ്മദ് ബഷീർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചർച്ച. സാധ്യതാ ലിസ്റ്റിന് ഇതിനകം രൂപമായിട്ടുണ്ട്.

ജില്ലയിലെ 16 മണ്ഡലങ്ങളിൽ അഞ്ചു മണ്ഡലങ്ങളാണ് കോൺഗ്രസ് ആവശ്യപ്പെടുന്നത്. എന്നാൽ 12-4 എന്നതാണ് ലീഗ് നിലപാട്. നിലവിലുള്ള മൂന്നു സീറ്റിനൊപ്പം തവനൂർ മണ്ഡലം കൂടി കോൺഗ്രസിന് നൽകാനാണ് കൂടുതൽ സാദ്ധ്യത. എന്നാൽ പെരിന്തൽമണ്ണയോ വള്ളിക്കുന്നോ കൂടി നൽകണമെന്ന് കോൺഗ്രസ് ശക്തമായി ആവശ്യപ്പെടുന്നുണ്ട്.

മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി വേങ്ങരയിൽ മത്സരിക്കും. കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ നിന്നു നൽകിയ സാദ്ധ്യതാലിസ്റ്റിൽ ഡോ. എം.കെ. മുനീറിന്റെ പേര് നിർദേശിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചില്ലെന്നാണ് അറിയുന്നത്. ജനങ്ങൾ ഏറ്റവും കൂടുതൽ ഉറ്റുനോക്കുന്ന മങ്കട മണ്ഡലത്തിൽ അവസാന നിമിഷം മഞ്ഞളാംകുഴി അലിക്കുപകരം എം. ഉമ്മറിന്റെ പേരാണ് പരിഗണിച്ചിരിക്കുന്നതെന്നാണ് അറിവ്. അലിയെ പെരിന്തൽമണ്ണയിൽ നിറുത്താനാണ് തീരുമാനം. പാർട്ടിയിൽ നിന്നു ശക്തമായ സമ്മർദ്ദത്തെ തുടർന്നാണ് അലി സമ്മതം മൂളിയിരിക്കുന്നത്.

എം.സി. മായിൻഹാജിയെ വള്ളിക്കുന്ന്, കൊണ്ടോട്ടി മണ്ഡലങ്ങളിലൊന്നിൽ മത്സരിപ്പിക്കാൻ നേതൃത്വത്തിന്റെ സമ്മർദ്ദമുണ്ടെങ്കിലും മണ്ഡലം, ജില്ലാ കമ്മിറ്റികൾ അതിശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചിരിക്കുന്നത്.

മറ്റു പേരുകൾ ഇങ്ങനെ:
ഏറനാട്: പി.കെ. ബഷീർ
മഞ്ചേരി: കെ.എൻ.എ.ഖാദർ, പി.വി. അബ്ദുൽ വഹാബ്
മലപ്പുറം: പി. ഉബൈദുള്ള
തിരൂരങ്ങാടി: അബ്ദുറബ്ബ്, കുട്ടി അഹമ്മദ് കുട്ടി
വള്ളിക്കുന്ന്: മായിൻഹാജി, കുട്ടി അഹമ്മദ് കുട്ടി,
താനൂർ: അബ്ദുറഹ്മാൻ രണ്ടത്താണി, അബ്ദുറബ്ബ്
തിരൂർ: അബ്ദുറഹ്മാൻ രണ്ടത്താണി, കുറുക്കോളി മൊയ്തീൻ, അഡ്വ. എൻ. ഷംസുദ്ദീൻ
കോട്ടയ്ക്കൽ: അബ്ദുസമദ് സമദാനി
കൊണ്ടോട്ടി: മായിൻ ഹാജി, മുഹമ്മദുണ്ണി ഹാജി.

ആലപ്പുഴ: കോൺഗ്രസിന് താരശോഭ

പി. അഭിലാഷ്

ആലപ്പുഴ: ജില്ലയിൽ ആകെയുള്ളത് ഒമ്പത് മണ്ഡലങ്ങൾ. കോൺഗ്രസ് സാദ്ധ്യതാ ലിസ്റ്റിൽ കടന്നുകൂടിയ സ്ഥാനാർത്ഥികളുടെ എണ്ണമാവട്ടെ 41. കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് പി.സി. വിഷ്ണുനാഥ്, വൈസ് പ്രസിഡന്റ് എം. ലിജു, എൻ.എസ്.യു ദേശീയ സെക്രട്ടറി എസ്. ശരത്, കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ലാൽ വർഗീസ് കല്പകവാടി എന്നിവർ ഉൾപ്പെട്ടതോടെ താരപരിവേഷത്തിലാണ് ആലപ്പുഴയുടെ സാദ്ധ്യതാലിസ്റ്റ്.

എൻ.എസ്.യു ദേശീയ സെക്രട്ടറി എസ്. ശരത് ജില്ലയിൽ ആദ്യം ഉൾപ്പെട്ടിരുന്നില്ലെങ്കിലും തിരുവനന്തപുരത്ത് ലിസ്റ്റെത്തിയപ്പോൾ 'ഓട്ടോമാറ്റിക്' ആയി കടന്നുകൂടുകയായിരുന്നു. എ ഗ്രൂപ്പിൽ എ.കെ. ആന്റണി പക്ഷക്കാരനായ ശരത്തിനെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അറിയിപ്പ് കെ.പി.സി.സിയിൽ നിന്ന് ജില്ലാ നേതൃത്വത്തിന് ലഭിച്ചിരുന്നില്ലെന്നാണ് ഇതിന്റെ വിശദീകരണം. ആലപ്പുഴ, ചേർത്തല, അരൂർ മണ്ഡലങ്ങളിലാണ് ശരത്തിന്റെ പേര് എഴുതിച്ചേർത്തത്.

രമേശ് ചെന്നിത്തല ഹരിപ്പാട്ടും പി.സി. വിഷ്ണുനാഥ് ചെങ്ങന്നൂരും എം. ലിജു ആലപ്പുഴയിലും ഒന്നാം പേരുകാരായപ്പോൾ ലാൽ വർഗീസിന്റെ പേര് കുട്ടനാട് മണ്ഡലത്തിൽ രണ്ടാമതാണ്. ഹരിപ്പാട്ടു മത്സരിക്കാൻ താത്പര്യം പ്രകടിപ്പിക്കുന്ന ചെന്നിത്തലയുടെ പേരു കൂടാതെ സിറ്റിംഗ് എം.എൽ.എ അഡ്വ. ബി. ബാബുപ്രസാദ് മാത്രമാണ് ഹരിപ്പാട് ലിസ്റ്റിൽ ഇടം നേടിയത്.പി.സി. വിഷ്ണുനാഥിന്റെ പേര് ചെങ്ങന്നൂരിൽ മാത്രമാണുള്ളത്. ശോഭനാ ജോർജ്, എസ്. രാമചന്ദ്രൻ പിള്ള എന്നിവരും ഇടം കണ്ടെത്താൻ കാത്തു നൽകിയിട്ടുണ്ട്.

മാണിയെ അനുനയിപ്പിക്കാൻ ഇന്ന് വീണ്ടും ചർച്ച

കോട്ടയം: സീറ്റു തർക്കത്തിന്റെ പേരിൽ ഇടഞ്ഞുനിൽക്കുന്ന കേരള കോൺഗ്രസി (എം) നെ അനുനയിപ്പിക്കാൻ ഉന്നത കോൺഗ്രസ് നേതാക്കൾ മുൻകൈയെടുത്തുള്ള ചർച്ച ഇന്ന് തിരുവനന്തപുരത്ത് നടക്കും.

13 സീറ്റ് മാത്രമേ നൽകൂ എന്ന നിലപാട് മാറ്റി അനുഭാവപൂർണമായ സമീപനം ഉണ്ടാകും എന്ന് ഉറപ്പുണ്ടെങ്കിലേ ഇന്നത്തെ ചർച്ചയിൽ പങ്കെടുക്കൂ എന്നാണ് മാണിഗ്രൂപ്പ് ഉന്നത നേതാക്കൾ അറിയിച്ചത്.

13 സീറ്റ് അപമാനമാണെന്ന നിലപാട് സ്വീകരിക്കുകയും യുക്തമായ തീരുമാനമെടുക്കാൻ പാർട്ടി ചെയർമാൻ കെ.എം. മാണിയെ ഉന്നതാധികാര സമിതി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 17 സീറ്റ് വരെ എങ്ങനെയും എത്തിച്ച് ഒത്തുതീർപ്പാക്കാനുള്ള നീക്കത്തിലാണ് മാണി ഗ്രൂപ്പ്.

മുരളി 8 സീറ്റ് ചോദിച്ചു

തിരുവനന്തപുരം: നിയമസഭാ തിരഞ്ഞെടുപ്പിൽ എട്ട് സീറ്റ് നൽകണമെന്ന് കെ. മുരളീധരൻ ആവശ്യപ്പെട്ടു. തന്റേതുൾപ്പെടെയാണ് മുരളി ഇത്രയും സീറ്റ് ആവശ്യപ്പെട്ടത്.

സ്ഥാനാർത്ഥിത്വം ലഭിച്ചാൽ വടക്കാഞ്ചേരി, വട്ടിയൂർക്കാവ് മണ്ഡലങ്ങളിലൊന്ന് അനുവദിക്കണമെന്ന് മുരളി നേതൃത്വത്തോട് അഭ്യർത്ഥിച്ചു. മുരളീധരൻ നൽകിയ മറ്റു പേരുകൾ: കെ.പി. കുഞ്ഞിക്കണ്ണൻ-ഉദുമ, തൃക്കരിപ്പൂർ, കെ.ടി. കുഞ്ഞഹമ്മദ്-പേരാവൂർ, കണ്ണൂർ, അഡ്വ. പ്രവീൺകുമാർ- ഏലത്തൂർ, നാദാപുരം, അഡ്വ. മരിയാപുരം ശ്രീകുമാർ- നെയ്യാറ്റിൻകര, കോയിവിള രാമചന്ദ്രൻ-കുണ്ടറ, സൈമൺ പെരേപ്പാടൻ-ചാലക്കുടി, ടി. ഷിഹാബുദീൻ-ഒറ്റപ്പാലം

ആർ.എസ്.പിക്ക് മൂന്ന് സീറ്റിലും സിറ്റിംഗ് എം.എൽ.എമാർ

കൊല്ലം: ജില്ലയിൽ ആർ.എസ്.പിയുടെ മൂന്നു സീറ്റുകളിലും സിറ്റിംഗ് എം.എൽ.എമാർ തന്നെ മത്സരിക്കും.

ചവറയിൽ മന്ത്രി എൻ.കെ. പ്രേമചന്ദ്രനും ഇരവിപുരത്ത് എ.എ. അസീസും കുന്നത്തൂരിൽ കോവൂർ കുഞ്ഞുമോനും സ്ഥാനാർത്ഥികളാവണമെന്ന് ആർ.എസ്.പി ജില്ലാ കമ്മിറ്റിയോഗം ഏകകണ്ഠമായി ശുപാർശ ചെയ്തു. സംസ്ഥാന സെക്രട്ടറി വി.പി. രാമകൃഷ്ണപിള്ളയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി എ.എ. അസീസ് ആണ് മണ്ഡലം കമ്മിറ്റികളുടെ ശുപാർശ അറിയിച്ചത്. ജില്ലാ കമ്മിറ്റി അംഗീകരിച്ച സാദ്ധ്യതാ ലിസ്റ്റ് സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിക്കും. പ്രഖ്യാപനം സംസ്ഥാന കമ്മിറ്റി നടത്തും.

യു.ഡി.എഫ് 2 രൂപയ്ക്ക് അരിനൽകുമോ? – ഐസക്

പാമോയിൽ കേസ് : ഉമ്മൻചാണ്ടി ഒളിച്ചോടരുത്

തിരുവനന്തപുരം: യു.ഡി.എഫ് വന്നാൽ രണ്ട് രൂപയ്ക്ക് അരി നൽകുമോ? മൂന്ന് രൂപയ്ക്ക് അരി നൽകുമെന്ന കോൺഗ്രസിന്റെ വാഗ്ദാനം എവിടെ? രണ്ട് രൂപയ്ക്ക് അരി നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് യു.ഡി.എഫ് തടയിട്ടില്ലേ?

ഇത്തരം വിഷയങ്ങൾ ഉയർത്തിക്കാട്ടിയായിരിക്കും എൽ.ഡി.എഫ് പ്രചാരണത്തിനിറങ്ങുകയെന്ന് മന്ത്രി തോമസ് ഐസക് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നിങ്ങൾ അരി നൽകിയതുമില്ല, അരി നൽകാൻ വന്ന ഞങ്ങളെ തടസപ്പെടുത്തുകയും ചെയ്തു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതുകൊണ്ട് തടയിട്ടുവെന്നാണ് പ്രതിപക്ഷ നേതാവ് പറയുന്നത്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നില്ല. രണ്ട് രൂപയ്ക്ക് അരി ആവശ്യമുള്ളവർക്കെല്ലാം നൽകും. അരി നൽകാൻ പണമെവിടെയെന്നാണ് പ്രതിപക്ഷ നേതാവ് ചോദിക്കുന്നത്. ബഡ്ജറ്റിൽ 88 കോടി രൂപയാണ് അധികമായി ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപയ്ക്ക് അരി നൽകാൻ 40 കോടി മതി. പിന്നെയും 48 കോടി രൂപയുണ്ട്. ഈ സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് കമ്മിഷന് നൽകിയ പരാതി പിൻവലിക്കാൻ തയ്യാറുണ്ടോ- ഐസക് ചോദിച്ചു.

പാമോയിൽ ഇടപാടിനെപ്പറ്റി അറിയാമായിരുന്നോ എന്ന് ഉമ്മൻചാണ്ടി ജനങ്ങളോട് തുറന്നുപറയണം. ഒളിച്ചോടരുത്. തുറന്ന് പറഞ്ഞാൽ ഉമ്മൻചാണ്ടി കുടുങ്ങും.

മത്സരിക്കാനില്ലെന്ന് സുധീരൻ, പുതുമുഖങ്ങൾക്ക് അവസരം നൽകണം

തിരുവനന്തപുരം: നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ താനില്ലെന്ന് വി.എം. സുധീരൻ ഇന്നലെ നടന്ന കോൺഗ്രസ് തിരഞ്ഞെടുപ്പ് സമിതി യോഗത്തിൽ പറഞ്ഞു. വനിതകൾക്കും യുവാക്കൾക്കും പുതുമുഖങ്ങൾക്കും സ്ഥാനാർത്ഥി പട്ടികയിൽ അർഹമായ പ്രാതിനിധ്യം നൽകണമെന്നും യോഗത്തിൽ പൊതുവേ ആവശ്യമുയർന്നു.

ആറുതവണ എം.എൽ.എയും രണ്ടു തവണ എം.പിയുമായി താൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് സുധീരൻ പറഞ്ഞു. അതിനാൽ ഇത്തവണ തന്നെ പരിഗണിക്കേണ്ടതില്ല. എന്നാൽ പാർലമെന്ററി രംഗത്തു നിന്ന് താൻ പൂർണമായി മാറി നിൽക്കുകയാണെന്ന് ഇതിന് അർത്ഥമില്ല. പുതുമുഖങ്ങൾക്ക് കോൺഗ്രസ് സ്ഥാനാർത്ഥിപ്പട്ടികയിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല. മുതിർന്ന നേതാക്കൾ തിരഞ്ഞെടുപ്പ് രംഗത്ത് വീണ്ടും വീണ്ടും തള്ളുന്നതെന്തിനാണെന്ന് മനസിലാകുന്നില്ല. യൂത്ത് കോൺഗ്രസിലും കെ.എസ്.യുവിലും പ്രവർത്തിച്ച് 35 വയസ് പിന്നിട്ട നിരവധി നേതാക്കൾ കോൺഗ്രസിലുണ്ടെന്നും അവർക്ക് തിരഞ്ഞെടുപ്പിൽ അവസരം നൽകണമെന്നും സുധീരൻ ആവശ്യപ്പെട്ടു.

കഴിഞ്ഞ ഏതാനും തിരഞ്ഞെടുപ്പുകളിലായി ഒരു പ്രബല സമുദായത്തിന് കോൺഗ്രസ് സ്ഥാനാർത്ഥിപ്പട്ടികയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന് ആര്യാടൻ മുഹമ്മദ് പറഞ്ഞു. കെ. സുധാകരൻ എം.പി, വക്കം പുരുഷോത്തമൻ എന്നിവരും ഇതേ ആവശ്യം ഉന്നയിച്ചു. ആദ്യം സംസാരിച്ച പ്രൊഫ. ബാലചന്ദ്രൻ തന്നെ ഇക്കാര്യം ഉന്നയിച്ചു. ജനസമ്മതിയും ജയസാധ്യതയുമായിരിക്കണം പ്രഥമ പരിഗണന നൽകേണ്ടകാര്യങ്ങളെന്നും അഭിപ്രായമുയർന്നു. മണ്ഡലം കുത്തകയാക്കി വച്ചിരിക്കുന്നവർ മാറി നിൽക്കണമെന്ന് കെ.സി.രാജൻ ആവശ്യപ്പെട്ടു.

പുതുമുഖങ്ങൾക്കൊപ്പം നിയമസഭാപ്രവർത്തനത്തിൽ പരിചയമുള്ളവരും സ്ഥാനാർത്ഥികളാകണമെന്ന് ചർച്ച ഉപസംഹരിച്ച എ.കെ. ആന്റണി പറഞ്ഞു.

ഘടകകക്ഷികളുമായുള്ള സീറ്റ് തർക്കങ്ങളിൽ താനിടപെടില്ല. അതൊക്കെ കൈകാര്യം ചെയ്യാൻ പരിചയസമ്പന്നരായ പ്രതിപക്ഷനേതാവും കെ.പി.സി.സി പ്രസിഡന്റും ഇവിടെയുണ്ടെന്നും അദ്ദേഹം പറഞ്ഞു. സോഷ്യലിസ്റ്റ് ജനതയ്ക്ക് 5 സീറ്റിൽ കൂടുതൽ നൽകാനാകില്ലെന്നു രമേശ് പറഞ്ഞു

മത്സരിക്കാനില്ലെന്ന് വി.എം. സുധീരൻ വ്യക്തമാക്കിയെങ്കിലും ഇക്കാര്യത്തിൽ പാർട്ടി തീരുമാനമെടുത്തിട്ടില്ലെന്ന് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ പറഞ്ഞു.